# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2550** — **19.12.2012-ൽ മറുപടിക്ക്**

## പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം<br>ശ്രീ. പി. കെ. ബഷീർ : | ഉത്തരം<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| 2012-13 ബഡ്ജറ്റിൽ മഞ്ചേരിയിൽ അനുവദിച്ച മെഡിക്കൽ കോളേജ് എപ്പോൾ പ്രവർത്തനം ആരംഭിക്കും ; ഇല്ലെങ്കിൽ ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ? | മഞ്ചേരി മെഡിക്കൽ കോളേജ് 2013-14 അധ്യയനവർഷം പ്രവർത്തനം തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br>മഞ്ചേരി മെഡിക്കൽ കോളേജിനായി പൊതുമരാമത്ത് വകുപ്പിന്റേയും ഗ്രാമ വികസന വകുപ്പിന്റേയും കൈവശമുള്ള **3.22** ഏക്കർ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്. മഞ്ചേരി ജനറൽ ഹോസ്പിറ്റലിൽ നിലവിലുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടം മെഡിക്കൽ കോളേജിനായി നവീകരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സൈറ്റ് ഓഫീസും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>മഞ്ചേരി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിന് കേരള ആരോഗ്യ സർവ്വകലാശാലയുടെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ട്.<br>മഞ്ചേരി മെഡിക്കൽ കോളേജിനായുള്ള തസ്തികകൾ സൃഷ്ടിക്കാനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ